# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE: 21.05.2025**

## പ്രധാനവാർത്തകൾ

1) ചിറയിൻകീഴും, വടകരയും ഉൾപ്പെടെ രാജ്യത്തെ 103 അമൃത് ഭാരത് റെയിൽവെ സ്റ്റേഷനുകളുടെ ഉദ്ഘാടനം പ്രധാനമന്ത്രി നരേന്ദ്ര മോദി നാളെ നിർവ്വഹിക്കും.

2) ഓപ്പറേഷൻ സിന്ദൂർ സംബന്ധിച്ച നയതന്ത്ര ചർച്ചകൾക്കായി ഇന്ത്യ നിയോഗിച്ച സർവകക്ഷി പ്രതിനിധി സംഘങ്ങളുടെ വിദേശ പര്യടനത്തിന് ഇന്ന് തുടക്കമായി

3) മാറി വരുന്ന യുദ്ധരീതികൾക്കാണ് ഓപ്പറേഷൻ സിന്ദൂറിലൂടെ ലോകം സാക്ഷ്യം വഹിച്ചതെന്ന് ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ

4) സംസ്ഥാനത്ത് രണ്ടാം വർഷ ഹയർ സെക്കണ്ടറി, VHSE പരീക്ഷാഫലങ്ങൾ നാളെ പ്രഖ്യാപിക്കും

5) മലപ്പുറം കൂരിയാട് ഇടിഞ്ഞുവീണ ദേശീയപാത NHAI വിദഗ്ദ സംഘം പരിശോധിച്ചു.

6) സംസ്ഥാനത്ത് വരും ദിവസങ്ങളിൽ വ്യാപക മഴയ്ക്ക് സാധ്യത. കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രത

*****************

RNU TVPM

## അമൃത് ഭാരത് (ഇൻട്രോ)

രാജ്യത്തെ 103 അമൃത് ഭാരത് റെയിൽവെ സ്റ്റേഷനുകളുടെ ഉദ്ഘാടനം പ്രധാനമന്ത്രി നരേന്ദ്ര മോദി നാളെ രാജസ്ഥാനിൽ നിർവ്വഹിക്കും. കേരളത്തിലെ ചിറയിൻകീഴ്, വടകര സ്റ്റേഷനുകൾക്ക് പുറമേ മാഹി റെയിൽവേ സ്റ്റേഷനും ഇതിൽ ഉൾപ്പെടുന്നു. അമൃത് ഭാരത് സ്റ്റേഷൻ പദ്ധതിയിലൂടെ രാജ്യത്തെ 1300-ഓളം റെയിൽ സ്റ്റേഷനുകളാണ് നവീകരിക്കുന്നത്. റെയിൽവേ സ്റ്റേഷൻറെ മുഖച്ഛായ തന്നെ മാറ്റുന്ന വികസന പ്രവർത്തനങ്ങളാണ് അമൃത് ഭാരതിൻറെ ഭാഗമായി നടപ്പാക്കുന്നത്.

കൂടുതൽ സൗകര്യങ്ങളോടെയുള്ള വിശ്രമമുറി, ശൗചാലയങ്ങൾ, ടിക്കറ്റ് കൗണ്ടറുകൾ, പ്ലാറ്റ്ഫോം എന്നിവയ്ക്കുപുറമേ ഫൂട്ട് ഓവർബ്രിഡ്ജുകൾ, പാർക്കിങ്ങ് യാഡ് എന്നിവയും ഇതിൻറെ ഭാഗമായി നവീകരിച്ചിട്ടുണ്ട്.

ചിറയിൻകീഴ് റെയിൽവേ സ്റ്റേഷനിൽ നടപ്പാക്കിയ വികസന പ്രവർത്തനങ്ങളെക്കുറിച്ച് ആകാശവാണി തിരുവനന്തപുരം ജില്ലാ പ്രതിനിധി രജു കോലിയക്കോട്.

(ഹോൾഡ്)

RNU TVPM

******************

## അമൃത് ഭാരത് 2

പാലക്കാട് ഡിവിഷനിലുള്ള വടകര റെയിൽവേ സ്റ്റേഷൻറെ നവീകരണത്തിനായി 29.47 കോടി രൂപയും മാഹി സ്റ്റേഷനുവേണ്ടി 12.61 കോടി രൂപയുമാണ് വിനിയോഗിച്ചത്. രണ്ട് സ്റ്റേഷനുകളിലെയും ബുക്കിംഗ് ഓഫീസും, ടിക്കറ്റിംഗ് ഏരിയകളും വികസിപ്പിച്ചതിനൊപ്പം ഓട്ടോമാറ്റിക് ടിക്കറ്റ് വെൻഡിംഗ് മെഷീനുകളും സ്ഥാപിച്ചു.വടകര സ്റ്റേഷനിൽ നവീകരിച്ച കാത്തിരിപ്പ് മുറികൾ, പുതിയ എസ്കലേറ്റർ എന്നിവയും ഇതിലൂടെ സജ്ജമാക്കിയിട്ടുണ്ട്. കേരളത്തിന്റെ പരമ്പരാഗത

വാസ്തു സൗന്ദര്യശാസ്ത്രത്തെ പ്രതിഫലിപ്പിക്കുന്ന വിധത്തിലാണ് റെയിൽവേ സ്റ്റേഷന്റെ പുനർനിർമ്മിതി.

******************

## പ്രതിനിധി സംഘം-വിദേശ പര്യടനം

ഓപ്പറേഷൻ സിന്ദൂർ സംബന്ധിച്ച് വിദേശരാജ്യങ്ങളുമായി നയതന്ത്ര ചർച്ചകൾക്ക് നിയോഗിച്ച സർവകക്ഷി പ്രതിനിധി സംഘങ്ങളുടെ പര്യടനത്തിന് ഇന്ന് തുടക്കമായി. ജെ ഡി യു അംഗമായ സഞ്ജയ് ഝാ നയിക്കുന്ന സംഘം ന്യൂഡൽഹിയിൽ നിന്ന് യാത്ര തിരിച്ചു. ജോൺ ബ്രിട്ടാസ് എംപി ഉൾപ്പെടെയുള്ളവർ അംഗങ്ങളായ സംഘം ജപ്പാൻ, ഇന്തോനേഷ്യ, മലേഷ്യ, ദക്ഷിണ കൊറിയ, സിംഗപ്പൂർ എന്നീ രാജ്യങ്ങളാണ് സന്ദർശിക്കുന്നത്.
ശിവസേന എം.പി ശ്രീകാന്ത് ഷിൻഡെ നയിക്കുന്ന സംഘവും ഇന്ന് യു.എ.ഇ, ലൈബീരിയ, കോംഗോ, സിയറ ലിയോൺ എന്നിവിടങ്ങളിലേക്ക് യാത്ര തിരിക്കും. 59 എം.പിമാർ അംഗങ്ങളായ ഏഴ് പ്രതിനിധി സംഘങ്ങൾ 32 രാജ്യങ്ങളിലാണ് അടുത്ത മാസം 5 വരെ സന്ദർശനം നടത്തുക.

******************

## ഗവർണർ (ഇൻട്രോ)

ഓപ്പറേഷൻ സിന്ദൂറിലൂടെ മാറി വരുന്ന യുദ്ധരീതികൾക്ക് ലോകം സാക്ഷ്യം വഹിച്ചതായി ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ. ഓപ്പറേഷൻ സിന്ദൂർ എന്ന വിഷയത്തിൽ പ്രശസ്ത ചിന്തകനും എഴുത്തുകാരനുമായ എസ്.ഗുരുമൂർത്തിയുടെ പ്രഭാഷണത്തിന് രാജ്ഭവനിൽ അധ്യക്ഷത വഹിക്കുകയായിരുന്നു അദ്ദേഹം. ഐഎസ്ആർഒ മുതൽ ഡിആർഡിഒ വരെയുള്ള സ്ഥാപനങ്ങളുടെ എൻജിനീറിങ് മികവ് പ്രകടമായ സന്ദർഭമായിരുന്നു ഓപ്പറേഷൻ സിന്ദൂറെന്നും, രാജ്യം ഒറ്റക്കെട്ടായാണ് ഇതിനു പിന്നിൽ അണിനിരന്നതെന്നും, ഗവർണർ പറഞ്ഞു.
(ഹോൾഡ്)

RNU TVPM

ഇന്ത്യാ വിരോധത്തിൽ മാത്രം പടുത്തുയർത്തിയ രാഷ്ട്രമാണ് പാകിസ്ഥാനെന്ന് എസ്.ഗുരുമൂർത്തി പ്രഭാഷണത്തിൽ ചൂണ്ടിക്കാട്ടി. പാകിസ്ഥാൻറെ ഏറ്റവും പ്രാകൃതമായ വശമാണ് പഹൽഗാമിൽ കണ്ടതെന്നും അദ്ദേഹം പറഞ്ഞു.

പഹൽഗാം ഭീകരാക്രമണത്തിൽ ജീവൻ പൊലിഞ്ഞ ഇടപ്പള്ളി സ്വദേശി എൻ രാമചന്ദ്രൻറെ കുടുംബത്തെ ചടങ്ങിൽ ആദരിച്ചു.

******************

<u>പ്ലസ്ടു ഫലം</u>

രണ്ടാം വർഷ ഹയർ സെക്കണ്ടറി, വൊക്കേഷണൽ ഹയർ സെക്കണ്ടറി പരീക്ഷാഫലങ്ങൾ വിദ്യാഭ്യാസ മന്ത്രി വി ശിവൻകുട്ടി നാളെ വൈകുന്നേരം 3 മണിക്ക് പ്രഖ്യാപിക്കും. www.results.hse.kerala.gov.in, www.prd.kerala.gov.in തുടങ്ങിയ ഔദ്യോഗിക വെബ്സൈറ്റുകളിലൂടെ 3.30 മുതൽ ഫലമറിയാൻ സാധിക്കും. നാലു ലക്ഷത്തി നാൽപത്തി നാലായിരത്തിലധികം വിദ്യാർത്ഥികളാണ് പ്ലസ് ടു പരീക്ഷ എഴുതിയത്. 26,000 ലേറെ വിദ്യാർത്ഥികൾ VHSE രണ്ടാം വർഷ പരീക്ഷ എഴുതി.

RNU/TVPM

******************

<u>ഷഹബാസ് കേസ്- ശിവൻകുട്ടി</u>

താമരശ്ശേരി ഷഹബാസ് വധക്കേസിലെ പ്രതികളുടെ തടഞ്ഞുവച്ച എസ്.എസ്.എൽ.സി പരീക്ഷാ ഫലം പ്രസിദ്ധീകരിച്ചു. ഹൈക്കോടതിയുടെ നിർദ്ദേശ പ്രകാരമാണ് ഫലം പ്രസിദ്ധീകരിച്ചത്. വിദ്യാർഥികൾക്ക് ഉപരിപഠനത്തിന് അപേക്ഷിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിദ്യാഭ്യാസ മന്ത്രി വി ശിവൻകുട്ടി അറിയിച്ചു. പെരിന്തൽമണ്ണ താഴേക്കാട് പിടിഎം ഹയർ സെക്കൻഡറി സ്കൂളിലെ സംഘർഷത്തിൽ ഉൾപ്പെട്ട മൂന്ന് വിദ്യാർഥികളുടെ, തടഞ്ഞുവെച്ചിരുന്ന എസ്എസ്എൽസി പരീക്ഷാഫലവും ഉടൻ പ്രസിദ്ധീകരിക്കുമെന്ന് മന്ത്രി തിരുവനന്തപുരത്ത് വാർത്താസമ്മേളനത്തിൽ പറഞ്ഞു.

******************

## മലപ്പുറം-ദേശീയപാത

മലപ്പുറം കൂരിയാട് തകർന്ന ദേശീയപാത- 66 NHAI വിദഗ്ധ സംഘം പരിശോധിച്ചു. ഡോ. അനിൽ ദീക്ഷിത് , ഡോ. ജിമ്മി തോമസ് എന്നിവരുടെ നേതൃത്വത്തിലുള്ള വിദഗ്ദ സംഘമാണ് അപകട സ്ഥലം സന്ദർശിച്ച് പരിശോധന നടത്തിയത്. ഇവർ നല്കുന്ന റിപ്പോർട്ടിൻ്റെ അടിസ്ഥാനത്തിൽ ആയിരിക്കും തുടർ നടപടികൾ. അതേസമയം കണ്ണൂർ കുപ്പത്ത് ദേശീയപാതയ്ക്കായി കുന്നിടിച്ച സ്ഥലത്ത് മണ്ണിടിച്ചിൽ ഉണ്ടായതിനെ തുടർന്ന് നാട്ടുകാർ ഇന്ന് ശക്തമായി പ്രതിഷേധിച്ചു. തളിപ്പറമ്പ് ആർഡിഒ സ്ഥലത്തെത്തി നാട്ടുകാരുമായി ചർച്ച നടത്തി.

******************

## ഇ.ടി മുഹമ്മദ് ബഷീർ

ദേശീയപാത 66 ൽ കൂരിയാട് ഭാഗത്ത് ഉണ്ടായ തകർച്ച സംബന്ധിച്ച് കേന്ദ്ര ഗതാഗത മന്ത്രി നിതിൻ ഗഡ്കരിയെ നേരിൽ കണ്ട് കത്ത് നൽകിയതായി ഇ.ടി മുഹമ്മദ് ബഷീർ എംപി. . സംഭവത്തിൽ അന്വേഷണം നടത്തി കരാറുകാർക്കെതിരെ കർശന നടപടികൾ സ്വീകരിക്കുമെന്ന് കേന്ദ്രമന്ത്രി ഉറപ്പ് നൽകിയതായും എംപി അറിയിച്ചു.

RNU TVPM

******************

## മന്ത്രി പി. രാജീവ്

സംസ്ഥാനത്ത് നിക്ഷേപങ്ങൾ പ്രോത്സാഹിപ്പിക്കാൻ മുഖ്യമന്ത്രി അധ്യക്ഷനായ നിക്ഷേപക ബോർഡ് സംവിധാനം രൂപീകരിക്കാൻ സർക്കാർ തയ്യാറെടുക്കുകയാണെന്ന് മന്ത്രി പി. രാജീവ്.

ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമ്മിറ്റിൽ പങ്കുവെച്ച പദ്ധതികളുടെ തുടർ പ്രവർത്തനങ്ങൾ സംബന്ധിച്ച് മാധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു അദ്ദേഹം. നിക്ഷേപക ബോർഡ്

രൂപീകരിക്കാൻ ആവശ്യമായ പുതിയ നിയമ സംവിധാനങ്ങളുടെ പണിപ്പുരയിലാണ് സർക്കാരെന്നും മന്ത്രി വ്യക്തമാക്കി.

******************

**ജിആർ അനിൽ**

സംസ്ഥാനത്തെ കർഷകർക്ക് നടപ്പ് സീസണിലെ നെല്ലിന്റെ സംഭരണവിലയുടെ വിതരണം ഉടൻ പുനരാരംഭിക്കുമെന്ന് മന്ത്രി ജി.ആർ.അനിൽ. ഇതിനായി സംസ്ഥാന സർക്കാർ 100 കോടി രൂപ കൂടി അനുവദിച്ചു. ഈ തുകയുടെ വിതരണം പൂർത്തിയാകുന്ന മുറയ്ക്ക്, 152 കോടി രൂപ കൂടി ലഭ്യമാക്കുമെന്നും മന്ത്രി പറഞ്ഞു.

******************

**മലപ്പുറം- കടുവ**

മലപ്പുറം കാളികാവ് അടയ്ക്കാകുണ്ടിലെ നരഭോജി കടുവയെ കണ്ടെത്തി. കേരള എസ്റ്റേറ്റിനു സമീപം മദാരി എസ്റ്റേറ്റിലെ എസ് വളവിലാണ് കടുവയെ കണ്ടത്. മയക്കുവെടി വയ്ക്കാനുള്ള ശ്രമം ദൗത്യസംഘം ആരംഭിച്ചു.

RNU TVPM

******************

**ശബരിമല**

ശബരിമലയിൽ തീർഥാടക ഷോക്കേറ്റു മരിച്ച സംഭവത്തിൽ ശുദ്ധജല ടാപ്പിലേക്ക് വൈദ്യുതിയെത്തിയത് ഇലക്ട്രിക്ക് പോസ്റ്റിലൂടെയെന്ന് കണ്ടെത്തി.വിഷയത്തിൽ സർക്കാരിനോടും ദേവസ്വം ബോർഡിനോടും ഹൈക്കോടതിവിശദീകരണം തേടിയിട്ടുണ്ട്.

******************

**കൊല്ലം - കൊലപാതകം**

കൊല്ലം ചിതറയിൽ മദ്യലഹരിയിലായിരുന്ന അഞ്ചംഗ സംഘം യുവാവിനെ കുത്തിക്കൊലപ്പെടുത്തി. ചിതറ കാരറക്കുന്ന് സ്വദേശി സുജിൻ ആണ് കൊല്ലപ്പെട്ടത്. മുൻവൈരാഗ്യമാണ് കൊലപാതകത്തിന് കാരണം. സുജിൻറെയൊപ്പം ഉണ്ടായിരുന്ന സുഹൃത്ത്

അനന്തുവും കുത്തേറ്റ് ചികിത്സയിലാണ്. 5 പ്രതികളെയും ചിതറ പൊലീസ് പിടികൂടി.

******************

## മഴ-സംസ്ഥാനം

സംസ്ഥാനത്ത് വരും ദിവസങ്ങളിൽ വ്യാപക മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്.
കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രതയും കോഴിക്കോട്, വയനാട് , തിരുവനന്തപുരം, കൊല്ലം ജില്ലകളിൽ മഞ്ഞ ജാഗ്രതയും നൽകിയിട്ടുണ്ട്. കേരള, കർണാടക, ലക്ഷദ്വീപ് തീരങ്ങളിൽ ഈ മാസം 25 വരെ മത്സ്യബന്ധനത്തിന് പോകരുതെന്നാണ് മുന്നറിയിപ്പ്. കള്ളക്കടൽ പ്രതിഭാസത്തിൻറെ ഭാഗമായി തിരുവനന്തപുരം, കന്യാകുമാരി തീരങ്ങളിൽ നാളെ ഉച്ചവരെ കടലാക്രമണ സാധ്യതയുണ്ട്. കാലവർഷം അടുത്ത നാല് ദിവസത്തിനിടെ കേരളത്തിലെത്തുമെന്നും കാലാവസ്ഥാ വിഭാഗം അറിയിച്ചു.

RNU TVPM

******************

## ഐപിഎൽ

ഐ.പി.എൽ ക്രിക്കറ്റിൽ ഇന്ന് മുംബൈ ഇന്ത്യൻസ് - ഡൽഹി ക്യാപിറ്റൽസിനെ നേരിടും. രാത്രി 7.30 ന് മുംബൈ വാങ്കഡേ സ്റ്റേഡിയത്തിലാണ് മത്സരം.

******************

## ഓഹരി + സ്വർണ്ണം

രാജ്യത്തെ ഓഹരി വിപണികളിൽ നേട്ടം. സെൻസെക്സ് 410 പോയിന്റ് ഉയർന്ന് **81,596** -ലും, നിഫ്റ്റി **130** പോയിന്റ് ഉയർന്ന് **24,813** -ലും വ്യാപാരം അവസാനിപ്പിച്ചു.
സ്വർണവിലയിൽ വർധന. സ്വർണം ഗ്രാമിന് 220 രൂപ ഉയർന്നു 8,930 രൂപയും, പവന് 1,760 രൂപ വർധിച്ച് 71,440 രൂപയുമാണ് ഇന്നത്തെ വില.

******************

## രാജീവ് ചന്ദ്രശേഖർ

വികസിത കേരളമെന്ന മുദ്രാവാക്യമാണ് തദ്ദേശ തെരഞ്ഞെടുപ്പിലും തുടർന്ന് നടക്കുന്ന നിയമസഭാ തെരഞ്ഞെടുപ്പിലും ബിജെപി ഉയർത്തുന്നതെന്ന് പാർട്ടി സംസ്ഥാന അധ്യക്ഷൻ രാജീവ് ചന്ദ്രശേഖർ. സംസ്ഥാന സർക്കാരിനെതിരെ ഈ മാസം 26 ന് എല്ലാ ജില്ലാ കേന്ദ്രങ്ങളിലും പ്രതിഷേധ പരിപാടി സംഘടിപ്പിക്കുമെന്നും തിരുവനന്തപുരത്ത് ചേർന്ന ബിജെപി സംസ്ഥാന കോർ കമ്മറ്റി, ഭാരവാഹി യോഗത്തിന് ശേഷം അദ്ദേഹം മാധ്യമങ്ങളോട് പറഞ്ഞു.

******************

***********

****

RNU TVPM